"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം, തലപ്പലം ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡ് മെമ്പർ ശ്രീ. സുരേഷ് പി കെ എന്നവരുടെ ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1659/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം:-

1. തലപ്പലം ഗ്രാമ പഞ്ചായത്തിലെ 03.02.2024 തീയതി നടന്ന അടിയന്തിര യോഗത്തിലെ 4 (1) -ാം നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2024 തീയതിയിലെ LSGD/PD/21904/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം, തലപ്പലം ഗ്രാമ പഞ്ചായത്ത് 7-ാം വാർഡ് മെമ്പർ ശ്രീ. സുരേഷ് പി കെ എന്നവരുടെ നട്ടെല്ലിന് പരിക്ക് പറ്റി 23.11.2023 മുതൽ 03.12.2023 വരെ - കോട്ടയം Govt. മെഡിയ്ക്കൽ കോളേജിൽ ചികിത്സക്ക് വിധേയനായതിൽ ചെലവായ തുകയായ 18,698/- രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. സുരേഷ് പി കെ ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയുടെ 70% തുകയായാ 13,088/- രൂപ ( പതിമൂവായിരത്തി എൺപത്തിയെട്ട് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുമുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, തലപ്പലം ഗ്രാമ പഞ്ചായത്ത്, കോട്ടയം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/125/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 10-09-2024 13:37:01

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.